**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1210** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം ഗുരുവായൂർ മണ്ഡലത്തിൽ അനുമതി ലഭിച്ച പദ്ധതികളുടെ വിശദവിവരങ്ങളും പുരോഗതിയും വിശദമാക്കാമോ? | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം ഗുരുവായൂർ മണ്ഡലത്തിൽ അനുമതി നൽകിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**1 പുന്നയൂർ ഗ്രാമപഞ്ചായത്ത് കളിസ്ഥല നവീകരണം**<br><br>പുന്നയൂർ ഗ്രാമപഞ്ചായത്ത് കളിസ്ഥലം നിർമ്മാണത്തിനായി ഗുരുവായൂർ നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് വിഹിതമായി 07.12.2023 തീയതിയിലെ തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടിക്രമം പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും 16.01.2024-ൽ എം.എൽ.എ ഫണ്ട് വിഹിതവും പ്ലാൻ ഫണ്ട് വിഹിതവും ഉൾപ്പെടെ 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതി കായിക യുവജനകാര്യ ഡയറക്ടർ നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 93.88 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. സാവൺ. കെ.ബി, തൃശ്ശൂർ എന്ന കരാറുകാരനാണ് 79.88 ലക്ഷം രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടോയ്‌ലറ്റ് ബ്ലോക്ക്, ഫെൻസിംഗ്,ഫ്ളെഡ് ലൈറ്റിന്റെ ഫൗണ്ടേഷൻ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മഡ് കോർട്ട്, ഇന്റർ ലോക്ക്, ഫ്ളെഡ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ പുരോഗമിച്ച് വരുന്നു. നിലവിൽ 95% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആദ്യ പാർട്ട് ബിൽ തുക കരാറുകാരന് നൽകിയിട്ടുണ്ട്.<br><br>**2.പുന്നയൂർക്കുളം പഞ്ചായത്ത് ഗ്രൗണ്ട്**<br><br>30.08.2025 ലെ സ.ഉ (സാധാ) നമ്പർ 223/2025/ കായുവ പ്രകാരം പുന്നയൂർക്കുളം പഞ്ചായത്ത് ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തി ഒരു പഞ്ചായത്തിൽ ഒരു |

| | | | |
|---|---|---|---|
| | | | കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ